**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4233** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം നൽകുമോ; | (എ) | ജില്ല എണ്ണം തിരുവനന്തപുരം 225 കൊല്ലം 182 പത്തനംതിട്ട 76 ആലപ്പുഴ 107 കോട്ടയം 75 ഇടുക്കി 31 എറണാകുളം 116 തൃശ്ശൂർ 73 പാലക്കാട് 139 മലപ്പുറം 209 കോഴിക്കോട് 151 വയനാട് 51 കണ്ണൂർ 104 കാസറഗോഡ് 89 ആകെ 1,628 |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവുകൾ നിലവിൽ വന്നതെന്നാണ് അറിയിക്കുമോ; | (ബി) | 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ. |
| (സി) | യഥാസമയം ഈ ഒഴിവുകൾ നികത്താതിരുന്നതുമൂലം അദ്ധ്യാപകർക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതിരുന്നിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. ആയത് നീക്കി, ഹെഡ്മാസ്റ്റർതസ്തിക പ്രൊമോഷൻ നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രധാനാദ്ധ്യാപകരുടെ അഭാവം മൂലം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടിട്ടുണ്ടോയെന്നും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ; | (ഡി) | പ്രൈമറി പ്രഥമാദ്ധ്യാപകർ ഇല്ലാത്ത എല്ലാ എൽ.പി./ യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രഥമാധ്യാപകന്റെ ചുമതല നൽകിയിട്ടുണ്ട്. അതുകൊണ്ട് തന്നെ പ്രഥമാധ്യാപകർ ഇല്ലാത്ത സാഹചര്യം സ്കൂളുകളിലെ അക്കാദമിക്/ അഡ്മിനിസ്ട്രേഷൻ ഉൾപ്പടെയുള്ള ദൈനംദിനപ്രവർത്തനങ്ങളെ ബാധിക്കുന്നില്ല. |
| (ഇ) | നിലവിലുള്ള ഒഴിവുകളിൽ പ്രമോഷൻ നൽകുന്നതിനും വിദ്യാലയങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. ആയത് നീക്കി ഹെഡ്മാസ്റ്റർതസ്തിക പ്രൊമോഷൻ നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ